## പതിനാലാം കേരള നിയമസഭ

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2016-2019)

## നാലാമത് റിപ്പോർട്ട്

(2018 ഡിസംബർ 12 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

## പൊതുവിദ്യാഭ്യാസ മേഖലയിൽ മലയാളം പള്ളിക്കൂടം മാതൃകയിൽ മലയാളഭാഷാ പരിശീലനം നൽകുന്നത് സംബന്ധിച്ച റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2016-2019)

## നാലാമത് റിപ്പോർട്ട്

**പൊതുവിദ്യാഭ്യാസ മേഖലയിൽ മലയാളം പള്ളിക്കൂടം മാതൃകയിൽ മലയാളഭാഷാ പരിശീലനം നൽകുന്നത് സംബന്ധിച്ച റിപ്പോർട്ട്**

1730/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 21 |

# ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി
# (2016-2019)

**ഘടന**

അദ്ധ്യക്ഷ :

ശ്രീമതി ഇ. എസ്. ബിജിമോൾ.

അംഗങ്ങൾ :

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. സി. മമ്മൂട്ടി

ശ്രീ. ഡി. കെ. മുരളി

ശ്രീ. യു. ആർ. പ്രദീപ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. അബ്ദുൾഖരീം എ., അഡീഷണൽ സെക്രട്ടറി

ശ്രീ. ഹരീഷ് ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, അണ്ടർ സെക്രട്ടറി.

# മുഖവുര

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2016-2019) യുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2018 ഡിസംബർ മാസം 11-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്. (മലയാള ഭാഷയിൽ പ്രയോഗത്തിലിരിക്കുന്ന ആംഗലേയ പദങ്ങൾക്ക് തത്തുല്യമായ മലയാളപദങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല)

ഇ. എസ്. ബിജിമോൾ,

*അദ്ധ്യക്ഷ,*
*ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018, ഡിസംബർ 12.

## റിപ്പോർട്ട്

മുളന്തണ്ടിലെ സുഷിരങ്ങളിൽ കാറ്റുവന്ന് തഴുകുമ്പോൾ മധുരസംഗീതവും കല്ലോളങ്ങളിൽ കാട്ടരുവികൾ പൊഴിക്കുന്ന കളകളാരവവും ചില്ലകളിൽ ചേക്കേറിയ പക്ഷികളുടെ കളഗാനങ്ങളും എല്ലാം തന്നെ ഭാഷയുടെ ഉല്പത്തിക്ക് നിദാനമായിത്തീർന്ന കാരണങ്ങളാവാമെന്ന് ഭാഷാശാസ്ത്രജ്ഞന്മാരായ ഡോ. ഹെർമൻ ഗുണ്ടർട്ടും ബിഷപ്പ് റോബർട്ട് കാൽഡ്വെല്ലും അഭിപ്രായപ്പെടുന്നു. പ്രകൃതിയിലെ എല്ലാ ശബ്ദങ്ങൾക്കും, അത് രവമായാലും ആരവമായാലും സ്വഭാവം ഒന്നേയുള്ളൂ, ശ്രവണാത്മകത. സ്രഷ്ടാവിൽ നിന്നുള്ള ശ്രവണാത്മകമായ ശബ്ദം ശ്രോതാവിൽ ആശയവിനിമയത്തിന് പ്രാപ്തമാകുമ്പോൾ അത് ഭാഷയായി പരിണമിക്കുന്നു. ഒരു പ്രദേശത്തെ ജനങ്ങളുടെ സംസാരഭാഷ ആശയവിനിമയത്തിനുള്ള ഉപാധി യെന്നതിലുപരി ആ ജനവിഭാഗത്തിന്റെ ആത്മാവായി കുടികൊള്ളുന്ന ഒന്നാണ്. ഭാഷയെ മഹാസമുദ്രത്തോട് ഉപമിക്കാവുന്നതാണ്. സൂര്യതാപമേറ്റ് സമുദ്രജലം നീരാവിയായി പോകുന്നതുപോലെ കാലപ്രവാഹത്തിൽ ഭാഷയിലെ പദസമ്പത്ത് നഷ്ടപ്പെട്ടുപോകാമെന്നും അപ്രകാരംതന്നെ അന്യഭാഷകളിൽനിന്നും പുതിയ പദങ്ങൾ ഒഴുകിയെത്തുമെന്നതും സ്വാഭാവികമായ ഒരു പ്രക്രിയയാണ്. ഭാഷ പലരും കൈകാര്യം ചെയ്യുന്നതാകയാൽ നാടോടികളായ മനുഷ്യന്റെ ഭാഷയും, കാലത്തിനും പ്രകൃതിയ്ക്കും അനുസരിച്ച് ഭാഷാപ്രയോഗത്തിൽ മാറ്റങ്ങൾ ഉണ്ടാകുന്നു. അതുപോലെ തന്നെ കാലദേശങ്ങൾക്കനുസരിച്ച് ഭാഷയിൽ മാറ്റങ്ങൾ ഉണ്ടാകുന്നതും സ്വാഭാവികമാണ്.

(2) പതിനയ്യായിരമോ അതിൽ കൂടുതലോ ആളുകൾ സംസാരിക്കുന്ന 1652 ഭാഷകളാണ് 1971-ലെ സെൻസസിനു മുമ്പ് രാജ്യത്തുണ്ടായിരുന്നത്. എന്നാൽ 1971-ലെ സെൻസസ് പ്രകാരം 108 ഭാഷകൾ മാത്രമാണ് രജിസ്റ്റർ ചെയ്യപ്പെട്ടുകയുണ്ടായത്. 2001-ലെ സെൻസസിൽ ഒരു ലക്ഷമോ അതിൽ കൂടുതലോ ആളുകൾ സംസാരിക്കുന്ന 22 ഭാഷകൾ ഷെഡ്യൂൾഡ് വിഭാഗത്തിലും നോൺ ഷെഡ്യൂൾഡ് വിഭാഗത്തിൽ 100 ഭാഷകളുമാണ് ഉള്ളത്. 42 ഭാഷകൾ പതിനയ്യായിരത്തിൽ താഴെ ആളുകൾ സംസാരിക്കുന്നവയാണ്. യുനെസ്കോയുടെ മാനദണ്ഡപ്രകാരം ഈ ഭാഷകളെ അപകടത്തിലായ ഭാഷകളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രയോഗത്തിലിരിക്കുന്ന ഒരു ഭാഷയുടെ ശോഷണം സംഭവിക്കുന്നത് ആ ഭാഷ മറ്റൊന്നിനാൽ നിഷ്കാസനം ചെയ്യപ്പെടുമ്പോഴാണെന്ന കണ്ടെത്തൽ ഭീതിജനിപ്പിക്കുന്ന ഒന്നാണ്.

(3) ഭാഷയാണ് ഒരു ജനതയുടെ ആത്മാവും നട്ടെല്ലും സ്വാതന്ത്ര്യവും. അതില്ലെങ്കിൽ ആ ജനത പാടെ ഇല്ലാതാകുന്നതാണ്. അമേരിക്കയിലും ആസ്ട്രേലിയയിലും അയർലന്റിലും തദ്ദേശീയരായ ജനതയുടെ അസ്തിത്വം ഏറെക്കുറെ ഇല്ലാതാകുന്നതിന് കാരണമായത് സ്വന്തം ഭാഷ അവർക്ക് നഷ്ടമായതുകൊണ്ടാണെന്നുള്ള വസ്തുത നാം തിരിച്ചറിയേണ്ടതാണ്. അന്യഭാഷയോടും അന്യസംസ്കാരത്തോടും കൂടുതൽ പ്രതിപത്തി പ്രകടിപ്പിക്കുന്ന ജനതയ്ക്ക് നഷ്ടമാകുന്നത് അവരുടെ സ്വന്തം പൈതൃകം തന്നെയാണെന്ന തിരിച്ചറിവ് ഉണ്ടാകേണ്ടതാണ്. ഒരു ജനതയെ മുഴുവൻ ഒന്നായി കാണാൻ ഭാഷയ്ക്കല്ലാതെ മറ്റൊന്നിനും സാധിക്കുകയില്ലായെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ഒരു സമൂഹത്തിലെ എല്ലാവരെയും ഒന്നിപ്പിക്കാൻ കഴിയുന്ന ഒരിടം മൊഴിയാണ്. അപ്രകാരം മൊഴിയുടെ വീഥിയിൽ നമ്മുടെ ആളുകൾ ഒരുമിച്ച് പ്രവർത്തിച്ചാൽ അവരിലെ വിഭാഗീയ ഭേദങ്ങൾ ഇല്ലാതാകുന്നതും അതോടൊപ്പം നാട് പുരോഗതി കൈവരിക്കുന്നതുമാണ്.

(4) ഭാഷയിലൂടെ ഒരു വികാരം പ്രകാശനം ചെയ്യപ്പെടുമ്പോൾ കേവലം ആശയം മാത്രമല്ല സന്നിവേശിക്കപ്പെടുന്നത്; ആ വികാരത്തിന്റെ രുചി-ഗന്ധാദികൾ കൂടി കൈമാറ്റം ചെയ്യപ്പെടുന്നുവെന്നതാണ് യാഥാർത്ഥ്യം. ഒരാൾ ബഹുഭാഷാപണ്ഡിതനാണെന്നിരിക്കിലും ജീവിതത്തിന്റെ പ്രതിസന്ധിഘട്ടത്തിൽപ്പെട്ടുഴലുമ്പോൾ താനറിയാതെ തന്നെ ചിന്തകൾ മാതൃഭാഷയെ അഭയം പ്രാപിക്കുകയും സ്വയം അതിലൂടെ ആശ്വാസം കണ്ടെത്തുകയുമാണ് ചെയ്യുന്നത്. ഏതൊരു ഭാഷയ്ക്കും അതിന്റേതായ ഒരു മാസ്മരിക ഭാവമുണ്ട്. അത് ആ ഭാഷയിലെഴുതപ്പെട്ട സാഹിത്യരചനകളുടെ സൗകുമാര്യതയിലൂടെ പ്രതിഫലിക്കപ്പെടുന്നു. ജീവിതമാർഗം തേടിയുള്ള യാത്രയിൽ സ്വന്തം നാടും വീടും ഉപേക്ഷിച്ചവർ അവസാന കാലത്ത് ജന്മനാട്ടിലേയ്ക്ക് തായ് വേരുകൾ തേടി മടങ്ങി വരുന്നതിനുള്ള പ്രധാനകാരണങ്ങളിലൊന്ന് മാതൃഭാഷയുടെ സ്വാധീനമാണ്. അപ്രകാരം മാതൃഭാഷയിലൂടെയുള്ള സഞ്ചാരം ഒരാളെ പുത്തൻ ഉണർവ്വിലേയ്ക്ക്, പുതിയ ചിന്തകളിലേയ്ക്ക്, നവ്യമായ ആകാശത്തിലേയ്ക്ക് ആനയിക്കുകയും അതുവഴി മനസ്സിനും ശരീരത്തിനും പുനരുജ്ജീവനം സാധ്യമാകുകയും ചെയ്യുന്നതാണ്.

(5) കേരളീയ പാരമ്പര്യത്തെയും സംസ്കാരത്തെയും അടിസ്ഥാനപ്പെടുത്തി കുട്ടികളെ മാതൃഭാഷ പഠിപ്പിക്കുന്നതിനായി തലസ്ഥാനത്തെ ഒരു കൂട്ടം മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയിൽ രൂപംകൊണ്ട മലയാളം പള്ളിക്കൂടത്തിന്റെ പ്രവർത്തനങ്ങൾ പത്രമാധ്യമങ്ങളിലൂടെയും സാമൂഹ്യമാധ്യമങ്ങളിലൂടെയും ജനശ്രദ്ധയാകർഷിച്ചപ്പോഴാണ് സമിതിയുടെ ശ്രദ്ധ അനൗപചാരിക ഭാഷാബോധന പരിപാടിയുമായി മുന്നോട്ടുപോകുന്ന മലയാളം പള്ളിക്കൂടത്തിലേയ്ക്ക് തിരിയുവാനിടയായത്.

(6) മലയാളം പള്ളിക്കൂടത്തെ കുറിച്ച് കൂടുതൽ അറിയാനും അവരുടെ പ്രവർത്തനങ്ങളെ നേരിൽ കണ്ടു മനസ്സിലാക്കുന്നതിനും സമിതി തീരുമാനിക്കുകയും 2018 ജൂൺ മാസം

24-ാം തീയതി ഞായറാഴ്ച സമിതി തിരുവനന്തപുരം തൈക്കാട് ഗവ.മോഡൽ എൽ.പി.സ്കൂളിൽ പ്രവർത്തിക്കുന്ന മലയാളം പള്ളിക്കൂടം സന്ദർശിക്കുകയും പള്ളിക്കൂടത്തിന്റെ പ്രവർത്തനം നേരിട്ട് മനസ്സിലാക്കുകയും ചെയ്തു.

(7) മലയാളം പള്ളിക്കൂടത്തിൽ കുട്ടികളെ മണലിൽ അക്ഷരം എഴുതി പഠിപ്പിക്കുകയും ഉച്ചത്തിലുള്ള സംഭാഷണത്തിന് പ്രേരിപ്പിക്കുകയും ചെയ്യുന്നു. ചൂണ്ടുവിരലിന്റെ അറ്റം പരുപരുത്ത പ്രതലത്തിൽ സ്പർശിക്കുന്നതിലൂടെ എഴുതുന്ന കാര്യങ്ങൾ നാഡീ ഞരമ്പുകളിൽക്കൂടി പെട്ടെന്ന് തലച്ചോറിലേയ്ക്ക് എത്തിച്ചേരുമെന്നതാണ് മണലിൽ എഴുതി പഠിപ്പിക്കുന്നതിലൂടെ സാധ്യമാവുന്നത്. കഥകൾ, ചൊല്ലുകൾ, ശൈലികൾ, പദങ്ങൾ, വരകൾ, വർണ്ണങ്ങൾ, സംഗീതം, സാഹിത്യം, ചിത്രം, ശില്പം തുടങ്ങിയവ പരിചയപ്പെടുത്തുമ്പോൾ കുട്ടികൾക്കൊപ്പം അധ്യാപകരും പങ്കാളികളാവുന്നു. അതുവഴി കുട്ടികളിൽ 'എനിക്ക് എനിക്ക് 'എന്ന ചിന്തയില്ലപരി മറ്റുള്ളവരുമായി പങ്കിടുവാനുള്ള മനോഭാവവും, സ്നേഹവും, സഹാനുഭൂതിയും ഉള്ളവരായി മാറ്റുവാൻ കഴിയുന്നു. നല്ല സാഹിത്യകൃതികൾ വായിച്ച് അവ നാടകമായും പ്രസംഗമായും കവിതയായും അരങ്ങിൽ അവതരിപ്പിച്ച് വചനം കൂടുതൽ ശക്തമാക്കുന്നതിലൂടെ ജീവിതത്തിലെ എല്ലാ മേഖലയിലും ആത്മവിശ്വാസം നേടിയെടുക്കുവാൻ അവരെ സഹായിക്കുന്നു. നെല്ല് കൊയ്യുന്നതും തൈര് കടയുന്നതും കലമുണ്ടാക്കുന്നതും നൂൽനൂൽക്കുന്നതും പാല് കറക്കുന്നതും എങ്ങനെയാണെന്ന് കുട്ടികൾക്ക് നേരിട്ട് മനസ്സിലാക്കികൊടുക്കുക വഴി പ്രത്യക്ഷത്തിൽ ജീവിതബന്ധം കൊടുക്കുകയാണ് മലയാളം പള്ളിക്കൂടത്തിൽ ചെയ്യുന്നത്. രക്ഷകർത്താക്കൾക്ക് വിവിധമേഖലകളിൽ വിദഗ്ധരായവരെ കൊണ്ട് ബോധവത്ക്കരണ ക്ലാസ്സ് എടുപ്പിക്കുകയും വിഷയാടിസ്ഥാനത്തിൽ ചർച്ചകൾ നടത്തുകയും ചെയ്യുന്നു.

(8) ഭാഷയ്ക്കും ഭാഷയിലൂടെ കുഞ്ഞുങ്ങൾക്കും അതുവഴി മലയാളനാടിനും ഏറ്റവും കൂടുതൽ ഉയർച്ചയും ഭദ്രതയുമുണ്ടാകണമെന്നതാണ് മലയാളം പള്ളിക്കൂടത്തിനു പിന്നിലുള്ള ചേതോവികാരം. 'ഒരു കാളവണ്ടിക്കാരന്റെ പാട്ട് 'എന്ന കവിതയിലെ 'കടാ കടാ ചക്രം ഉരുണ്ടുരുണ്ട് പോം' എന്ന വരി പഠിപ്പിക്കുന്ന വേളയിൽ കുട്ടിക്ക് അത് ബോധ്യമാകുവാൻ സാധിക്കുന്നില്ലായെന്ന് മനസ്സിലായപ്പോൾ പള്ളിക്കൂടം അധികൃതർ മുൻകൈയെടുത്ത് കുട്ടികളേയും കൊണ്ട് ഒരു കാളവണ്ടിയാത്ര പോലും നടത്തുകയുണ്ടായി. പഴയകാലത്തിന്റെ വീഥികളിലെ യാത്രാനുഭവം കുട്ടികൾക്ക് കാളവണ്ടി യാത്രയിലൂടെ ലഭിക്കുകയുണ്ടായി.

(9) മലയാളം പള്ളിക്കൂടം സന്ദർശനത്തോടനുബന്ധിച്ച് സമിതി അദ്ധ്യക്ഷയുടെ നേതൃത്വത്തിൽ യോഗം ചേരുകയും മലയാളം പള്ളിക്കൂടത്തിന്റെ അദ്ധ്യക്ഷൻ പ്രൊഫ. വി. മധുസൂദനൻ നായർ, മലയാളം പള്ളിക്കൂടത്തിന്റെ സംഘാടകർ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുമായി ആശയവിനിമയം നടത്തുകയുമുണ്ടായി. നവീന ആശയങ്ങളിലൂടെ മലയാള ഭാഷാപഠനം ആസ്വാദ്യമാക്കുന്നതെങ്ങനെയെന്നും പൊതുവിദ്യാഭ്യാസ മേഖലയിൽ മാതൃഭാഷാ പഠനത്തിൽ നിലവിൽ എന്തെങ്കിലും അപാകങ്ങൾ

ചൂണ്ടിക്കാട്ടാനുണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് മനസ്സിലാക്കി അത് പരിഹരിക്കുന്നതിന് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് വിശകലനം ചെയ്യുകയും മാത്രമല്ല ആയത് എപ്രകാരം മെച്ചപ്പെടുത്താമെന്നും അതോടൊപ്പം കൂടുതൽ ആകർഷകമാക്കാമെന്നും അപഗ്രഥനം ചെയ്യുകയും അതിന് വേണ്ടി നടപ്പിലാക്കേണ്ട സ്വപ്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

(10) പല കാരണങ്ങളാലും നഷ്ടപ്പെട്ടുപോയ ഒരു സംസ്കാരം വീണ്ടെടുക്കുന്നതിനുള്ള കൂട്ടായ പരിശ്രമങ്ങളുടെ ഭാഗമായി മലയാള ഭാഷയെ തിരിച്ചുപിടിക്കുകയെന്ന സ്വപ്നമാണ് മലയാളം പള്ളിക്കൂടം യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുന്നതെന്നും സംഭാവനകൾ വാങ്ങാതെയാണ് മലയാളം പള്ളിക്കൂടം പ്രവർത്തിക്കുന്നതെന്നും സമിതി മനസ്സിലാക്കി. കുട്ടികളുടെ കഴിവുകൾ വളർത്തിയെടുക്കുകയെന്നതും അവർക്ക് അവരുടേതായ മേഖലയിലേക്ക് എത്തിച്ചേരുന്നതിനുള്ള സാഹചര്യം ഒരുക്കുകയെന്നതും ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. സമിതിയ്ക്ക് മലയാളം പള്ളിക്കൂടത്തിൽ നിന്നും ലഭിച്ച അനുഭവങ്ങളും കണ്ട കാഴ്ചകളും സർക്കാരിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ഇടപെടലോടുകൂടി കൂടുതൽ വ്യാപകമാക്കുന്നതിനുള്ള പരിശ്രമവുമായി മുന്നോട്ട് പോകുന്നതാണെന്നും സമിതി മലയാളം പള്ളിക്കൂടത്തിന്റെ സംഘാടകരെ അറിയിക്കുകയുണ്ടായി. മലയാളം പള്ളിക്കൂടം സന്ദർശന വേളയിൽ അവിടെ സന്നിഹിതരായിരുന്ന രക്ഷകർത്താക്കളുമായി സമിതി സംവദിക്കുകയുമുണ്ടായി.

(11) വർത്തമാനകാലത്ത് സ്കൂളുകളിൽ നിലനില്ക്കുന്ന ഭാഷാപഠന സമ്പ്രദായത്തിലെ (കരിക്കുലം, പഠനരീതി എന്നിവ) പരിമിതികൾ എന്തെല്ലാമാണ്, ആയത് എങ്ങനെ പരിഹരിക്കുവാൻ കഴിയും, ഭാഷാ പഠനത്തെ സാംസ്കാരിക പഠനമാക്കി മാറ്റുന്നതിനുള്ള സാധ്യതകളെന്ത് എന്നിവ സംബന്ധിച്ച് സമിതി ആരായുകയുണ്ടായി. പഴയകാലത്തുണ്ടായിരുന്ന കേട്ടെഴുത്ത്, പകർത്തിയെഴുത്ത് തുടങ്ങിയവ വീണ്ടും സ്കൂളുകളിൽ പുനഃരാരംഭിക്കണമെന്നും മലയാളം പള്ളിക്കൂടം അധ്യാപകർ അഭിപ്രായപ്പെടുകയുണ്ടായി. രക്ഷിതാക്കൾക്ക് തങ്ങളുടെ കുട്ടികളെ മാതൃഭാഷ പഠിപ്പിക്കുവാനുള്ള താല്പര്യമുണ്ടാകാൻ ഇടയായ സാമൂഹ്യ കാഴ്ചപ്പാടുകളെ എപ്രകാരമാണ് നോക്കിക്കാണുന്നതെന്ന് സമിതി ആരായുകയുണ്ടായി. തങ്ങളുടെ കുട്ടികളെ മലയാളം പഠിപ്പിക്കണമെന്ന അതിയായ ആഗ്രഹം പല രക്ഷിതാക്കൾക്കും ഉണ്ടായിരുന്നതായും അതിനായി കിട്ടുന്ന ഏറ്റവും ചെറിയ അവസരംപോലും പ്രയോജനപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ കുട്ടികളെ മലയാളം പള്ളിക്കൂടത്തിൽ ചേർക്കുകയാണ് ഉണ്ടായതെന്ന് സമിതി മുമ്പാകെ രക്ഷകർത്താക്കൾ വെളിപ്പെടുത്തി.

(12) ഭാഷ ഒരാളുടെ സ്വത്വമാണെന്ന തിരിച്ചറിവുള്ളപ്പോൾ മലയാള ഭാഷയിലൂടെയുള്ള ബോധനം പരിമിതികൾ നിറഞ്ഞതായിരിക്കുമെന്ന് സമൂഹം കരുതാൻ കാരണമെന്തെന്ന സമിതിയുടെ ചോദ്യത്തിന് തങ്ങളുടെ മക്കളെ മലയാളം മീഡിയം സ്കൂളിൽ

പഠിപ്പിക്കണമെന്നായിരുന്നു ആഗ്രഹമെങ്കിലും അതിന് ഒരുപാട് പരിമിതികളുണ്ടെന്ന് മനസ്സിലാക്കുകയും അതിനാൽ കുട്ടികളെ മലയാളം മീഡിയത്തിൽ ചേർക്കുവാൻ സാധിക്കാതെ വന്നുവെന്നും മലയാളം എന്നത് നമ്മുടെ ഉള്ളിലെ വികാരമാണെങ്കിലും സംസ്ഥാനത്തിന് പുറത്തും വിദേശ രാജ്യങ്ങളിലും ജോലി തേടി പോകേണ്ടിവരുമ്പോഴും, ഇന്റർവ്യൂവിലോ മത്സരപരീക്ഷകളിലോ പങ്കെടുക്കേണ്ടി വരുമ്പോഴും തങ്ങളുടെ പ്രകടനം എങ്ങനെയാകുമെന്ന് മലയാളികൾ ആശങ്കപ്പെടുന്നതുകൊണ്ടാണ് മലയാളത്തിലുള്ള ബോധനത്തിന് ഇത്രയധികം തടസ്സം നേരിടുന്നതെന്നും മലയാളം ഒരു ബോധനമാർഗ്ഗമായി സ്വീകരിക്കുവാൻ സാധിക്കാത്തതെന്നും ഉള്ള മറുപടിയാണ് അവരിൽ നിന്നും വന്നത്.

(13) മലയാളഭാഷയെ അപേക്ഷിച്ച് ശാസ്ത്രസംബന്ധിയായ കാര്യങ്ങൾ ഇംഗ്ലീഷിലൂടെ മാത്രമേ പഠിക്കാനാവുകയുള്ളൂവെന്ന് ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് രക്ഷിതാക്കളോട് സമിതി ആരായുകയുണ്ടായി. ഇംഗ്ലീഷിലൂടെ മാത്രമേ ശാസ്ത്രസംബന്ധിയായ കാര്യങ്ങൾ ഉൾപ്പെടെ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂവെന്ന ചിന്ത ഉപേക്ഷിക്കേണ്ടതുണ്ടെന്നും, മാതൃഭാഷയിലൂടെയാണ് ഒരു വ്യക്തി കാര്യങ്ങൾ മനസ്സിലാക്കേണ്ടതെന്നും, ജീവിക്കാൻ പഠിപ്പിക്കുകയെന്നത് മാതൃഭാഷയിലൂടെ മാത്രമേ സാധ്യമാകുകയുള്ളൂവെന്നും മാതൃഭാഷയിലൂടെ മാത്രമേ കുട്ടികളിൽ നല്ല ചിന്തകൾ ഉണർത്തുന്നതിന് സാധിക്കുകയുള്ളൂവെന്നുമുള്ള അഭിപ്രായമാണ് രക്ഷിതാക്കൾ പ്രകടിപ്പിച്ചത് എന്നതിൽ സമിതിയ്ക്ക് ചാരിതാർത്ഥ്യമുണ്ട്.

(14) മലയാളം പള്ളിക്കൂടത്തിന് സർക്കാരിൽ നിന്നും കിട്ടിയ ഏറ്റവും വലിയ പ്രോത്സാഹനം തൈക്കാട് ഗവ. മോഡൽ എൽ.പി. സ്കൂൾ ഞായർ ദിവസങ്ങളിൽ അനുവദിച്ചുകിട്ടിയതാണെന്നും ബഹു. വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിന്റെയും ഡി.പി.ഐ. യുടെയും സഹായത്തെ തുടർന്നാണ് ആയത് സാധ്യമായതെന്നും ഒരു പ്രൊജക്ടറും അനുവദിച്ച് കിട്ടുകയുണ്ടായെന്നും സമിതിക്ക് കാണാൻ കഴിഞ്ഞു. അതേസമയം പള്ളിക്കൂടത്തിന്റെ പ്രവർത്തനത്തിനാവശ്യമായ മനുഷ്യവിഭവശേഷിയുടെ കുറവും വലിയൊരു പോരായ്മയായി തുടരുന്നതായ ഒരു സാഹചര്യം നിലനിൽക്കുന്നു എന്നും സമിതിക്ക് ബോധ്യമായി. ഭാവി പരിപാടികൾ എന്തൊക്കെയാണെന്നും ഏതൊക്കെ രീതികളിലായിരിക്കും അവ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും സമിതി ആരായുകയുണ്ടായി. ഭാവി പരിപാടികളുടെ വിശദമായ ഒരു രൂപരേഖ എഴുതിത്തയ്യാറാക്കി അത് സമിതി മുമ്പാകെ സമർപ്പിക്കുന്നതാണെന്ന് മലയാളം പള്ളിക്കൂടം അദ്ധ്യക്ഷൻ അറിയിച്ചു.

(15) മലയാളം പള്ളിക്കൂടം അദ്ധ്യക്ഷൻ സമിതിയ്ക്ക് നല്കിയ നിർദ്ദേശങ്ങളെ മുൻനിർത്തി സമിതി വിശദമായ ചോദ്യാവലി തയ്യാറാക്കുകയും അത് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയും ആയതിനുള്ള മറുപടി ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കുകയുമുണ്ടായി.

(16) മാതൃഭാഷയിലൂടെ നമ്മുടെ സംസ്കാരം വീണ്ടെടുക്കുന്നതിനായി മലയാളം പള്ളിക്കൂടം അദ്ധ്യക്ഷൻ വിഭാവനം ചെയ്യുന്ന പദ്ധതികളുടെ വിവരങ്ങൾ അടങ്ങിയ നിർദ്ദേശങ്ങളും, മേൽ അറിയിച്ച ചോദ്യാവലിയിലെ മറുപടികളിൽ നിന്നും കണ്ടെത്തിയ വസ്തുതകളും കോർത്തിണക്കി പൊതുവിദ്യാഭ്യാസ മേഖലയിൽ ആയത് നടപ്പിലാക്കുന്നതിന്റെ പ്രായോഗികത ചർച്ച ചെയ്യുന്നതിനായി 2018 സെപ്റ്റംബർ 25-ാം തീയതി നിയമസഭാ സെക്രട്ടേറിയറ്റിൽ വച്ച് ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ മലയാളം പള്ളിക്കൂടത്തിന്റെ അദ്ധ്യക്ഷനായ പ്രൊഫ വി. മധുസൂദനൻ നായർ, കാര്യദർശി ശ്രീമതി ജെസി നാരായണൻ, മലയാളം പള്ളിക്കൂടം ഉപദേശക സമിതി അംഗങ്ങളായ ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, ഡോ. ഡി. ബാബുപോൾ, ഡോ. അച്യുത് ശങ്കർ, ഡോ. അദിതി എൻ., ശ്രീ. കേശവൻ നമ്പൂതിരി മലയാളം പള്ളിക്കൂടം സംഘാടക സമിതി അംഗങ്ങളായ ഡോ. ബിജു ബാലകൃഷ്ണൻ, ശ്രീ. ഗോപി നാരായണൻ മലയാളം പള്ളിക്കൂടം അദ്ധ്യാപകൻ ശ്രീ. വട്ടപ്പറമ്പിൽ പീതാംബരൻ മാഷ്, അതോടൊപ്പം സർക്കാർ തലത്തിലായി പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, വിവരസാങ്കേതിക വകുപ്പ് ജോയിന്റ് സെക്രട്ടറി, ഭാഷാവിദഗ്ദ്ധൻ (ഔദ്യോഗിക ഭാഷാ വകുപ്പ്), വൈസ് ചെയർമാൻ 'കൈറ്റ് (ഐ.ടി @സ്കൂൾ)', ജോയിന്റ് ഡയറക്ടർ ഉന്നതവിദ്യാഭ്യാസ വകുപ്പ്, സാംസ്കാരികകാര്യ വകുപ്പ് ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ, സി-മാറ്റ് ഡയറക്ടർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റന്റ് ഡയറക്ടർ (ഇൻ ചാർജ്ജ്), മിഷൻ കോർഡിനേറ്റർ സി-ഡിറ്റ്, മറ്റ് അനുബന്ധ ഉദ്യോഗസ്ഥർ എന്നിവർ സജീവമായി പങ്കെടുത്ത് ക്രിയാത്മകമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കുകയുണ്ടായി.

(17) നമ്മുടെ സംസ്കൃതിയെയും പൈതൃകത്തെയും ആഴത്തിൽ തൊട്ടറിയുന്നതിനും വിവിധ വിജ്ഞാന ശാഖകൾ ലളിതമായി മനസ്സിലാക്കുന്നതിനും മാതൃഭാഷാ പഠനം അത്യന്താപേക്ഷിതമാണ്. മാതൃഭാഷയോട് എന്തെങ്കിലും വൈമുഖ്യമോ അവഗണനയോ കുട്ടികളുടെയും രക്ഷകർത്താക്കളുടെയും ഭാഗത്തു നിന്നുണ്ടായാൽ അത് ഭാഷയുടെ നിലനിൽപ്പിന് തന്നെ ഭീഷണി ഉണ്ടാക്കാം എന്ന സാഹചര്യം മുന്നിൽ കണ്ട് നവീന ആശയങ്ങളിലൂടെ മലയാളഭാഷാ പഠനം ആസ്വാദ്യമാക്കുവാനാണ് നാം ശ്രമിക്കേണ്ടത്. നാടൻശീലുകളിലും ഈണങ്ങളിലും താളങ്ങളിലും അമ്മൂമ്മക്കഥകളിലും കൂടെ കുട്ടികളുടെ ഭാവന ഉണർത്തുക എന്നതിനപ്പുറം നമ്മുടെ പാരമ്പര്യം കൂടി അവർക്കുമുന്നിൽ തുറന്നു കാട്ടേണ്ടതുണ്ട്. ഭാഷയെ സംരക്ഷിക്കുക എന്നതിനൊപ്പം എന്റെ ഭാഷ എന്താണെന്ന് അറിയുക എന്ന ആവശ്യം തനിക്കുണ്ട് എന്ന് ഓരോ കുട്ടിയും അറിയണം. കുട്ടികളെ സ്വന്തം ഭാഷയിലും ഉപരിയായി വൈകാരികമായി ഒരു ബന്ധം വരാത്ത മറ്റൊരു ഭാഷയിലേക്ക്

ആദ്യമേ പറിച്ച് നടുകയാണ് ഇപ്പോൾ ചെയ്യുന്നതെന്നും സ്വന്തം ഭാഷയുടെ ബലവും മുതൽക്കൂട്ടും വ്യാപ്തിയും ശക്തിയും എന്താണെന്ന് ഒരു കുട്ടിക്ക് വൈകാരികമായി ബോധ്യപ്പെടേണ്ടതുണ്ടെന്നും സമിതി ഉറച്ച് വിശ്വസിക്കുന്നു.

(18) നാളെ നമ്മളെ തുണയ്ക്കേണ്ടതും തലമുറയെ മുന്നോട്ട് കൊണ്ടുപോകേണ്ടതും കുട്ടികളാണ്. മലയാള ഭാഷയുടെ നിലനിൽപ്പിനായുള്ള പ്രവർത്തനങ്ങളും കുട്ടികൾക്കിടയിലാണ് പ്രാവർത്തികമാക്കേണ്ടത്. അതുകൊണ്ടുതന്നെ വിദ്യാലയങ്ങളിലൂടെയാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിക്കേണ്ടത്.

(19) പദ്യ-ഗദ്യ ഭാഗങ്ങൾ ഹൃദിസ്ഥമാക്കുന്നതിനാവശ്യമായ പഠനരീതികൾ ക്ലാസ്സ് മുറികളിൽ അനുവർത്തിക്കണം. മുമ്പുണ്ടായിരുന്ന കേട്ടെഴുത്ത്, പകർത്തിയെഴുത്ത്, രചന, വൃത്ത-വ്യാകരണാലങ്കാര പഠനം ഭാഷ തെറ്റുകൂടാതെയും ആസ്വദിച്ചും പ്രയോഗിക്കുവാൻ സഹായിക്കുന്നതാണ്. ഈ ഒരു വീക്ഷണകോണിൽ ഇവ വിദ്യാലയങ്ങളിൽ പുനഃരാരംഭിക്കേണ്ടതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ആദ്യത്തെ തലം, കേൾക്കാൻ പഠിക്കുകയെന്നതാണ്. അതിനുശേഷം മാത്രമേ പറയാനും എഴുതുവാനും പഠിക്കാവൂ. മുഴുവൻ കുട്ടികൾക്കും കേൾക്കത്തക്ക വിധത്തിൽ ഉറക്കെ പറയാനുള്ള ശബ്ദം അധ്യാപകന് ഉണ്ടാകുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതും, കേൾക്കുന്ന സമയം കുട്ടികൾ അധ്യാപകനെ കാണുക, കേൾക്കാനും പറയാനും കുട്ടികളെ പഠിപ്പിക്കുക, കുട്ടികളെ താളത്തിൽ പറഞ്ഞ് പഠിപ്പിക്കുക എന്ന ഒരു രീതിയാണ് നാം നടപ്പിലാക്കേണ്ടത്.

(20) പ്രൈമറി ക്ലാസ്സുകളിൽ ധാരാളം കുട്ടിപ്പാട്ടുകളും അക്ഷരപ്പാട്ടുകളും നാവ് വഴങ്ങാനുള്ള പാട്ടുകളും, വായ്ത്താരികളും ഉൾപ്പെടുത്തുന്നത് കുട്ടികളിൽ താളബോധമുണ്ടാക്കാൻ മാത്രമല്ല മലയാള ഭാഷ ശരിയായി ഉച്ചരിക്കുവാനും സഹായിക്കുന്നു. പാഠ്യപദ്ധതിയിൽ നിന്ന് വ്യാകരണം ഒഴിവാക്കിയതിന്റെ പരിണിത ഫലമാണ് ഇന്നു നാം പല പത്രമാധ്യമങ്ങളിലും മറ്റും കണ്ടുവരുന്ന തെറ്റായ രചനാശൈലികൾ. ഹിന്ദി വ്യാകരണത്തിനും ഇംഗ്ലീഷ് വ്യാകരണത്തിനും ഒപ്പം തന്നെ മലയാള വ്യാകരണവും പഠിപ്പിക്കേണ്ടതാണ്. അതിനാൽ ഇവ ഉൾപ്പെടുത്തി പാഠ്യപദ്ധതി നവീകരിക്കണം.

(21) മലയാള അക്കങ്ങളിൽ പ്രായോഗികാവശ്യത്തിന് മുഴുവൻ അക്കങ്ങൾ ആവശ്യമായി വരുന്നില്ല എന്ന ഒരു നിലപാട് ഇടക്കാലത്ത് സ്വീകരിക്കപ്പെട്ടത് ഈ മേഖലയിൽ വന്ന നിരുത്സാഹപ്പെടുത്തേണ്ട മറ്റൊരു പ്രവണതയാണ്. അതിനാൽ തന്നെ മലയാള അക്കങ്ങൾ ശീലിക്കുന്നത് പഴയഗ്രന്ഥങ്ങൾ വായിക്കുവാനും അറിയുവാനും സഹായകമാകുമെന്നതിനാൽ നമ്മുടെ പാഠ്യപദ്ധതിയിൽ ഇന്നത്തെ കുട്ടികൾക്കുവേണ്ടി ചില പൊളിച്ചെഴുത്തുകൾ നടത്തേണ്ടതുണ്ട്. ക്ലാസ്സ് മുറികൾക്കുള്ളിൽ കിട്ടുന്ന അധ്യയനം മാത്രം പോരെന്നും അവരെയും കൊണ്ട് ചുറ്റുപാടിലേക്കിറങ്ങി നാട്ടറിവുകൾ പകർന്നുകൊടുക്കേണ്ടത് അത്യാവശ്യമാണെന്നും സമിതി വിലയിരുത്തി.

(22) ഡി.പി.ഇ.പി. വരുന്നതിനുമുൻപ് പാഠ്യപദ്ധതിയിൽ ആദ്യം അക്ഷരം പഠിക്കുക, അക്ഷരത്തിൽ നിന്നും പിന്നീട് വാക്കിലേയ്ക്കും പിന്നെ വാചകത്തിലേയ്ക്കും വാക്യങ്ങളിലേയ്ക്കും പോകുക എന്നതായിരുന്നുവെന്നും ഡി.പി.ഇ.പി. നടപ്പിലാക്കിയതിനെ തുടർന്ന് എല്ലാപേരും സജീവമായി പങ്കെടുക്കുന്ന രീതിയിലുള്ള ക്ലാസ് റൂം അന്തരീക്ഷം സൃഷ്ടിക്കുവാനും പ്രവർത്തി അടിസ്ഥാനപ്പെടുത്തിയുള്ള ക്ലാസ് റൂം സൃഷ്ടിച്ച് അധ്യാപകൻ കുട്ടികളെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് അവർക്ക് പഠനത്തിൽ കൂടുതൽ താല്പര്യം ജനിപ്പിക്കുകവഴി കുട്ടികൾക്ക് പരമാവധി കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാമെന്നുമുള്ള വിലയിരുത്തലിലാണ് ഡി.പി.ഇ.പി. കൊണ്ടുവന്നത്. അതിനെ തുടർന്നാവാം വ്യാകരണത്തിന്റെ പ്രാധാന്യം നഷ്ടപ്പെട്ടുപോയതെന്നും അക്കാദമിക സംവാദം കൃത്യമായി നടക്കേണ്ട മേഖലയാണിതെന്നും ഭാഷാ പഠനത്തെ സംബന്ധിച്ചിടത്തോളം കുട്ടി ആർജ്ജിച്ച ഭാഷാപരിചയം നമ്മൾ ഉദ്ദേശിക്കുന്ന തലത്തിലേയ്ക്ക് എത്രത്തോളം വന്നിട്ടുണ്ടെന്നത് പരിശോധിക്കണമെന്നും അതേ സമയം നേരത്തെ ഒരു പതിനഞ്ച് വയസ്സുകാരൻ ആർജ്ജിച്ചതിനേക്കാൾ വളരെയധികം അറിവ് ഇന്ന് പതിനഞ്ച് വയസ്സായ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തു വരുന്ന കുട്ടി ആർജ്ജിക്കുന്നുണ്ടെന്നും ആയതിനാൽ ഈ രണ്ടു തലവും നമ്മൾ കാണണമെന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറി സമിതി മുമ്പാകെ അഭിപ്രായപ്പെടുകയുണ്ടായി. വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ ചില പരിഷ്കരണങ്ങളെ തുടർന്നാണ് മലയാളവ്യാകരണത്തിന്റെ പ്രസക്തിയും നമ്മുടെ ഭാഷയും അക്ഷരങ്ങളും ഒരളവുവരെ നഷ്ടപ്പെട്ടതെന്നും ആയത് തിരിച്ചു കൊണ്ടുവരണമെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ മാതൃഭാഷയുടെ പരിപോഷണത്തിനായി പാഠ്യപദ്ധതിയിൽ വൃത്ത-വ്യാകരണാലങ്കാരവും, മലയാള അക്കങ്ങളും, കൈവിട്ടുപോയ അക്ഷരങ്ങളും ഉൾപ്പെടുത്തി പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(23) എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പ്രായത്തിൽ പോലും ചില കുട്ടികൾക്കെങ്കിലും മലയാളം എഴുതാനും വായിക്കാനും അറിയില്ലായെന്ന് സർവ്വേ നടത്തി കണ്ടെത്തിയിട്ടുണ്ടെന്നും അതിനായി കഴിഞ്ഞ വർഷം മുതൽ സർവ്വ ശിക്ഷാ അഭിയാന്റെ (എസ്.എസ്.എ.) നേതൃത്വത്തിൽ 'മലയാള തിളക്കം' എന്ന പ്രത്യേക പരിപാടി നടപ്പിലാക്കിയതായും ഈ പരിപാടിയിൽ രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടി രണ്ടാം ക്ലാസ്സിൽ പഠിക്കേണ്ടതെല്ലാം പഠിച്ചുതന്നെയാണോ മൂന്നാം ക്ലാസ്സിലെത്തിയത് എന്ന് പരിശോധിക്കുന്നുണ്ടെന്നും, ഏകദേശം എട്ട് ലക്ഷത്തോളം കുട്ടികളെ ഈ പരീക്ഷയ്ക്ക് വിധേയരാക്കി അതിൽ നിന്നും കണ്ടെത്തിയ കുട്ടികൾക്ക് അധ്യാപകർവഴി പരിശീലനം നൽകുന്നുണ്ടെന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറി വ്യക്തമാക്കിയതിൽ സമിതി സന്തുഷ്ടി പ്രകടിപ്പിച്ചു

(24) ബോധന മാധ്യമത്തെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട് മാത്രമേ സംസ്കാര പഠനത്തിന്റെ ഭാഗമായി ഭാഷാപഠനം എങ്ങനെ നിർവ്വഹിക്കാമെന്ന കാര്യം ചർച്ച

ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഏറ്റവും നന്നായി ജ്ഞാനാർജ്ജനം സാധ്യമാകുന്നത് മാതൃഭാഷയിലാണെന്നുള്ളത് ലോകം മുഴുവൻ അംഗീകരിച്ച കാര്യമാണെങ്കിലും മലയാളിയായ നമ്മൾ തിരിച്ചറിഞ്ഞിട്ടില്ലായെന്നും ഏറ്റവും കൂടുതൽ ആളോഹരി വരുമാനമുള്ളത് മാതൃഭാഷ മാധ്യമമായി സ്വീകരിച്ച രാജ്യങ്ങളിലാണെന്നും ഇതിനുദാഹരണമായി കാണാവുന്നത് ഹീബ്രു യൂണിവേഴ്സിറ്റിയാണ് എന്നും ആ സ്ഥാപനത്തിന്റെ സൈറ്റിൽ നോക്കിയാൽ ഇത് അറിയുവാൻ സാധിക്കുന്നതാണെന്നും സമിതിയിൽ വിശദമാക്കപ്പെട്ടു ഹീബ്രു ഭാഷയിലാണ് കെമിസ്ട്രിയും ഫിസിക്സും ബയോളജിയും അവിടെ പഠിക്കുന്നതെന്നും നമ്മുടെ ഹയർ സെക്കണ്ടറിയെ സംബന്ധിച്ചിടത്തോളം ബോധന മാധ്യമം വളരെ നിർണ്ണായകമായ വിഷയമാണെന്നും ഇംഗ്ലീഷിലാണ് രണ്ടുവർഷം പഠിക്കുന്നതെന്നും മാതൃഭാഷയിൽ പഠിക്കുക എന്നത് അക്കാദമിക പ്രശ്നം മാത്രമല്ല മനുഷ്യാവകാശ പ്രശ്നം കൂടിയാണ് എന്നും ഇതിനായി എസ്.സി.ഇ.ആർ.ടി. ഇപ്പോൾ മലയാളത്തിൽ ഹയർസെക്കന്ററിക്ക് പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ക്ലാസ് മുറികളിൽ കുട്ടികളെ പഠിപ്പിക്കുന്നത് മലയാളത്തിലല്ല ഇംഗ്ലീഷിലാണ് എന്നത് ഒരു പരമാർത്ഥമാണെന്നും സമിതിയ്ക്ക് ബോധ്യമാകുന്നു. പഴയ സംസ്കാരത്തിന്റെ ഭാഗമായി മലയാളത്തെ സംരക്ഷിക്കുന്നതിലുപരി ഏറ്റവും പുതിയ ജ്ഞാനാർജ്ജനത്തിന്റെ ഭാഷയായി മലയാളത്തെ പ്രാപ്തമാക്കണമെന്നും അതുകൊണ്ട് മാതൃഭാഷയിലുള്ള ബോധനം എന്ന അടിസ്ഥാന ഘടകത്തെ മാറ്റി നിർത്താനാവില്ലെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചത് സമിതി ഗൗരവമായി കാണുന്നു. ആയതിനാൽ ബോധനമാധ്യമം മാതൃഭാഷയിലാക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(25) നമ്മുടെ കലകളെ സ്കൂൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രത്യേകമായൊരു സ്കീം ഉണ്ടാക്കുക എന്നത് അനിവാര്യമാണെന്നും കലാമണ്ഡലത്തിൽ നിന്നും തത്തുല്യ സ്ഥാപനങ്ങളിൽ നിന്നും പുറത്തുവരുന്ന കലാകാരന്മാരെകൊണ്ട് ക്ലാസ്സെടുപ്പിച്ച് കുട്ടികൾക്ക് കലകളെ പരിചയപ്പെടുത്തേണ്ടതുണ്ട്. അതിനായി ജില്ലാടിസ്ഥാനത്തിൽ കെട്ടിടസൗകര്യമുള്ള ഒരു സ്കൂളിൽ പെയിന്റിംഗ്, ശില്പകല എന്നീ വിഷയങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തി വാസനയുള്ളവർക്ക് പരിശീലനം നൽകുന്നതും സംഗീതം, നാടകം, സാഹിത്യം, ഫോക് ലോർ എന്നീ വിഷയങ്ങളിൽ സാംസ്കാരികകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതും കുട്ടികളിൽ സാംസ്കാരികാവബോധം വളർത്തുവാൻ ഉപകരിക്കുമെന്നും ആയത് നടപ്പിലാക്കുവാനായി വിദ്യാഭ്യാസ വകുപ്പും സാംസ്കാരികകാര്യ വകുപ്പും യോജിച്ച് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(26) പല ലിപികളിൽ എഴുതുന്ന ഏക ഭാഷയാണ് മലയാളം. ഏകീകൃതമായ ഒരു ലിപി വ്യവസ്ഥ നമുക്ക് വേണമെന്നത് അനിവാര്യമാണ്. നിലവിൽ ഓരോ സ്ഥാപനവും

ഓരോ ശൈലി പിൻതുടരുന്നതിനാൽ ഏത് ശൈലി ഉപയോഗിക്കണമെന്നും ഏതാണ് ശരി എന്നതും അറിയുവാൻ സാധിക്കുന്നില്ലെന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. 50 വയസ്സുവരെ പ്രായമുള്ളവർക്ക് പുതിയ ലിപിയാണ് പൊതുവെ പരിചിതമായി തുടരുന്നത്. എവർക്കും ഒരുപോലെ കൈകാര്യം ചെയ്യുന്നതിനും ഉച്ചാരണത്തിന് സഹായിക്കുന്നതുമായ ഒരു ലിപി പരിഷ്കരണം കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. സ്കൂൾ സംവിധാനത്തിലും ഓൺലൈൻ സംവിധാനത്തിലും ഇപ്പോൾ രണ്ടുതരം ലിപികൾ ഉപയോഗിക്കുന്നുണ്ട്. ഇവ ഏകീകരിച്ചാലേ "യൂണിക്കോഡ്" രൂപത്തിലുള്ള മലയാളം ഡോക്യുമെന്റുകൾ വ്യാപകമാക്കുന്നതിന് കഴിയുകയുള്ളൂ. ലിഖിത ഭാഷയിലുള്ള ലിപി വൈജാത്യങ്ങൾ ഏകീകരിക്കുകയും ശരിയായ മാതൃകകൾ കുട്ടികളിലെത്തിക്കാൻ സാധിക്കുകയും വേണം.

(27) ലിപി പരിഷ്കരണം സർക്കാരിന്റെ ഒരു നയമാക്കുന്നത് ഈ ഒരു പശ്ചാത്തലത്തിൽ പരിഗണനാർഹമെന്ന് കാണാവുന്നതാണ്. അതോടൊപ്പം പഴയ ലിപിയിലുള്ള പുസ്തകങ്ങളും പത്രമാസികകൾക്കും പ്രചാരവും അംഗീകാരവും ലഭിക്കുകയും ചെയ്യണം. അല്ലാത്ത പക്ഷം ഒരു കുട്ടി ഒരു വാക്ക് പലതരത്തിലെഴുതുമ്പോൾ ആശയക്കുഴപ്പം ഉണ്ടാകും. ഒരു വാക്കിന്റെ നിരുക്തി (ശബ്ദാർത്ഥം), പ്രയോഗം, വികാസം, മാത്രാബന്ധം എന്നിവയെക്കുറിച്ച് കൃത്യമായി ബോധമുള്ള ഭാഷാവിദഗ്ധരും കൂട്ടത്തിൽ മാധ്യമ സ്ഥാപനങ്ങളുടെ ഉന്നത അധികാരികളും ഭാഷാ ഉന്നതാധികാര സമിതിയിൽ ഉണ്ടായിരിക്കുന്നത് നല്ലതായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ സർക്കാർ അത്തരത്തിൽ ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ച് ആധികാരികമായി കുറ്റമറ്റ രീതിയിൽ ലിപിപരിഷ്കരണം നടത്തി ഒരു യൂണിഫോം യൂണികോഡ് കൊണ്ടുവരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(28) വികസിത രാജ്യങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസ മേഖലകളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് മനഃശാസ്ത്രവിദഗ്ധരും ഉന്നതവിദ്യാഭ്യാസം നേടിയവരുമാണ്. ഭാഷ ഉൾക്കൊള്ളാൻ പറ്റുന്ന പ്രായമെന്ന് കരുതുന്നത് മൂന്ന് വയസ്സുമുതൽ ഏഴ് വയസ്സുവരെയാണ്. ഭാഷയുടെ അടിസ്ഥാനം ഏഴ് വയസ്സിനുള്ളിൽ ഉറയ്ക്കുന്നു. ഇവിടെയുള്ള അദ്ധ്യാപകർ പ്ലസ്ടു കഴിഞ്ഞ് ടീച്ചേഴ്സ് ഡിപ്ലോമയും കഴിഞ്ഞവരാണ്. എന്നാൽ അവരുടെ വ്യക്തിത്വ വികാസത്തിൽ മലയാളഭാഷ ഒരു ഘടകമാണെന്ന് കരുതാനാവുന്നില്ല. പഴയ തലമുറയിലെ അധ്യാപകർക്ക് മലയാളത്തോടുണ്ടായിരുന്ന ആഭിമുഖ്യം പുതിയ തലമുറയിലെ അധ്യാപകർക്കുകൂടി ഉണ്ടാവണം. പഴയകാലത്ത് എല്ലാവരാലും ബഹുമാനിക്കപ്പെട്ടിരുന്ന ഒന്നാണ് അധ്യാപക ജോലി. പ്രൈമറി തലത്തിൽ ഭാഷയുടെ അടിസ്ഥാനം രൂപം കൊള്ളുന്ന ഘട്ടത്തിൽ കുറ്റമറ്റതും പ്രഗത്ഭമായതുമായ അധ്യാപനമാണ് കുട്ടികൾക്ക് നൽകേണ്ടത്. അല്ലാത്തപക്ഷം കുട്ടി ഭാഷയെ തെറ്റായി മനസ്സിലാക്കുന്നതിനും പ്രയോഗിക്കുന്നതിനും വഴിവയ്ക്കുന്നു. ഇക്കാര്യത്തിൽ സെക്കന്ററി/ഹയർസെക്കന്ററി തലങ്ങളിൽ

മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/അധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗ്ലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽ.പി.എസ്.റ്റി/ യു.പി.എസ്.റ്റി. നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണെന്ന വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് (അനുബന്ധം 1) പരിശോധിക്കുമ്പോൾ മലയാളഭാഷാ പഠനം പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ നിർബന്ധമാക്കിയിട്ടും മലയാള ഭാഷാ അധ്യാപനത്തിന് നിലവാര തകർച്ച ഉണ്ടാക്കുമെന്ന് സമിതി സംശയിക്കുന്നു. ആയതിനാൽ ടി ഉത്തരവ് പുനഃപരിശോധിച്ച് അടിയന്തരമായി പിൻവലിക്കുന്നതിന് നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(29) അടിസ്ഥാനപരമായി ധാരാളം ന്യൂനതകളോടുകൂടിയാണ് അധ്യാപകർ അധ്യാപന രംഗത്തേക്ക് വരുന്നതെന്നും ഒരു അധ്യാപകനായി കഴിഞ്ഞാൽ ആ വ്യക്തിക്കു ണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങൾ എന്തൊക്കെയാണെന്നും അതെങ്ങനെയാണ് കുട്ടികളിലേയ്ക്ക് സന്നിവേശിപ്പിക്കേണ്ടത് എന്നുമുള്ളതിനെക്കുറിച്ച് കൃത്യമായ ധാരണ അധ്യാപകർക്ക് ഉണ്ടാവണം. നിലവിലുള്ള ഭാഷാപഠന രീതി ശരിയാകണമെങ്കിൽ അധ്യാപകർക്ക് മലയാള ഭാഷാ പരിശീലനം നൽകണം. പി.എസ്.സി. വഴി നിയമനം ലഭിച്ചു കഴിഞ്ഞാൽ സ്കൂളിൽ പഠിപ്പിച്ച് തുടങ്ങുന്നതിനുമുമ്പ് ഒരു ഹ്രസ്വകാല പരിശീലനം അധ്യാപകർക്ക് നൽകേണ്ടതാണ്. ടി.ടി.സി.ക്ക് സമാന്തരമായ രണ്ടു വർഷത്തെ കോഴ്സിനുപുറമെ മലയാള ഭാഷയ്ക്ക് മാത്രമായി ഹ്രസ്വകാല പരിശീലന കോഴ്സ് നിർബന്ധ മാക്കിയാൽ അത് മറ്റ് എയ്ഡഡ് സ്കൂളുകളിലും വരുമെന്നും അതിനായി ഒരു സ്കീം ഉണ്ടാക്കി അതിൽ ഉച്ചാരണവും ഉൾപ്പെടുത്തി അധ്യാപന രീതിയിൽ മാറ്റമുണ്ടാകണമെന്നും അധ്യാപകന്റെ ശബ്ദം മാത്രമല്ല ആംഗ്യങ്ങളും ചലനങ്ങൾപോലും അധ്യാപനത്തി നുപയോഗിക്കണമെന്നും, ആയതിനാൽ പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർക്കും നിലവിലുള്ള ഭാഷാ അദ്ധ്യാപകർക്കും ശബ്ദ-ആംഗ്യ-അഭിനയം സംബന്ധിച്ച പരിശീലന പരിപാടി ഭാഷാപഠനം നടത്തുന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നൽകുവാനുള്ള നടപടി സ്വീകരിക്കരിക്കുന്നതോടൊപ്പം വർഷാവർഷം ടി അധ്യാപകരുടെ ഭാഷാവബോധവും ഭാഷാനൈപുണ്യവും ഇതേ സ്ഥാപനത്തെകൊണ്ടുതന്നെ പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(30) മുൻകാലങ്ങളിൽ സ്കൂൾ കാലഘട്ടത്തിൽ ഏതെങ്കിലുമൊരു ദിവസത്തിന്റെ അവസാനത്തെ പീരീഡ് സാഹിത്യ സമാജം എന്ന ഒരു പീരീഡിനായി മാറ്റിവച്ചിരുന്നു. എല്ലാ കുട്ടികളും ഒരുപോലെ താല്പര്യത്തോടെ കണ്ടിരുന്ന ഈ പീരീഡ് തിരിച്ചു കൊണ്ടുവരണം. അവിടെയാണ് കുട്ടികളെഴുതുന്ന കഥകൾ, കവിതകൾ, പ്രസംഗങ്ങൾ എന്നിവ അവതരിപ്പിച്ചിരുന്നത്. ആളുകളുടെ മുന്നിൽ നിന്ന് സംസാരിക്കാനുള്ള

ആത്മവിശ്വാസം ഉണ്ടാവുന്നതും കുട്ടികൾ വായിക്കുന്ന പുസ്തകങ്ങൾ മറ്റ് കൂട്ടുകാരുമായി പങ്കിടുന്നതും ഈ സദസ്സിലാണ്. ഇത്തരത്തിൽ ഭാഷയുടെ വളർച്ചയ്ക്ക് സാഹിത്യസമാജം വളരെ വലിയ ഒരു പങ്ക് വഹിക്കുന്നുണ്ട് എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കുട്ടികളിലെ ഭാഷാപരമായ സർഗ്ഗശേഷി പോഷിപ്പിക്കുവാൻ വിദ്യാലയങ്ങളിൽ മുമ്പുണ്ടായിരുന്ന സാഹിത്യസമാജം ആഴ്ചയിലൊരിക്കലോ മാസത്തിലൊരിക്കലോ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(31) മലയാളം പള്ളിക്കൂടം സന്ദർശന വേളയിൽ നാട്ടുരുചികൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് ഇലയട നൽകുകവഴി മലയാളം പള്ളിക്കൂടം അധികൃതർ അനുവർത്തിച്ചു വരുന്ന ഭക്ഷണരീതികളോട് സമരസപ്പെടാൻ സമിതിക്ക് അവസരം ലഭിക്കുകയുണ്ടായി. നമ്മുടെ നാട്ടിൽ കാൻസർ രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരാൻ ഒരു പ്രധാന കാരണം ഇവിടെ നിലനില്ക്കുന്ന ഫാസ്റ്റ് ഫുഡ് സംസ്കാരമാണ്. കുഞ്ഞുനാളിലെ തുടങ്ങുന്ന ഫാസ്റ്റ് ഫുഡിനോടും ബേക്കറിയിൽ നിന്നും കിട്ടുന്ന ഭക്ഷണ പദാർത്ഥങ്ങളോടുമുള്ള ആഭിമുഖ്യം പലതരം രോഗങ്ങൾക്ക് കാരണമായിത്തീരുന്നു. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ മുൻതലമുറകൾ കൂടുതലായി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന വസ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. മലയാളം പള്ളിക്കൂടത്തിൽ കുട്ടികൾക്ക് നാട്ടുരുചി പരിചയപ്പെടുത്തുന്നുണ്ട്. കടപ്പൊതി കഴിക്കാനുള്ള വ്യഗ്രത കുട്ടികൾക്ക് കൂടുതലായതിനാൽ നാട്ടുരുചിയും അമ്മരുചിയും ആദ്യം മുതൽ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നത് കുട്ടികളുടെ ഭക്ഷണശീലം മാറിവരുവാൻ സഹായകരമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. മലയാളം പള്ളിക്കൂടത്തിൽ സമിതിക്ക് കാണാൻ കഴിഞ്ഞ ഒരു മനോഹരമായ കാര്യം, കുട്ടികൾക്ക് നാടൻ ഭക്ഷണം ഉണ്ടാക്കിക്കൊടുക്കുകയും അവരെക്കൊണ്ട് തന്നെ അത് ഉണ്ടാക്കികൊണ്ടുവരാനുള്ള പരിശീലനവും കൊടുക്കുന്നുവെന്നതാണ്. അതുകൊണ്ട് സർക്കാർ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ മാസത്തിലൊരിക്കൽ അല്ലെങ്കിൽ മൂന്ന് മാസത്തിലൊരിക്കൽ നാട്ടുരുചികൾ കുട്ടികൾക്ക് നൽകണമെന്നും ഈ രുചികളിലൂടെ പുതിയ കാലത്തെ പായ്ക്കറ്റ് ഭക്ഷണ സംസ്കാരത്തിൽ നിന്നും കുട്ടികളെ മാറ്റിയെടുക്കാൻ സാധിക്കുമെന്നും അതുവഴി അവർക്ക് ഭാവിയിൽ ഉണ്ടായേക്കാവുന്ന പല ജീവിതശൈലി രോഗങ്ങളെയും പ്രതിരോധിക്കുവാൻ കഴിയുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നാട്ടുരുചികൾ കുട്ടികൾക്ക് പരിചയപ്പെടുത്തി അതിന്റെ പോഷണ ഗുണം മനസ്സിലാക്കി അവരിൽ നാടൻ ഭക്ഷണത്തോട് താത്പര്യം ജനിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(32) വിദ്യാലയങ്ങളിൽ കേരള സംസ്കാരം പ്രതിഫലിപ്പിക്കുന്ന രീതിയിൽ ഒരു ചെറിയ കേരള ഗ്രാമം, അതിൽ ചെറിയ പാടം, മണ്ണുകൊണ്ട് കെട്ടിയ ചെറിയ വീട്, കുട്ടികൾക്ക് ഇരിക്കുവാൻ വലിയ മുളകൾകൊണ്ട് പണിത് ചാണകം മെഴുകിയ വലിയ പുര

എന്നീ സംവിധാനങ്ങൾ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. പ്രസ്തുത കേരള ഗ്രാമത്തിൽ തൈര് കടയാനുള്ള കടകോൽ, വെള്ളിക്കോൽ, കോളാമ്പി തുടങ്ങി പഴയകാലത്തുപയോഗിച്ചിരുന്ന സാധനങ്ങളെല്ലാം സജ്ജീകരിച്ച് അത് ഒരു സ്ഥിരം സംവിധാനമാക്കുന്ന കാര്യവും ആലോചിക്കേണ്ടതാണ്. ഇപ്രകാരം ഒരു സംവിധാനം സ്കൂളുകളിൽ കൊണ്ടുവന്നാൽ അവിടെ ഒരു കേരളീയാന്തരീക്ഷം സൃഷ്ടിക്കാൻ കഴിയുമെന്നും അതുവഴി കുട്ടികളിൽ മാതൃഭാഷാ സ്നേഹം വളർത്തുവാൻ സാധിക്കുമെന്നും സമിതി വിശ്വസിക്കുന്നു. കൂടാതെ നാട്ടുചെടികളുടെ ഉദ്യാനം സ്കൂളുകളിൽ ഉണ്ടാകുന്നത് ഭാഷാപോഷണത്തിന് സഹായകരമാകുമെന്നതിനാൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന നാട്ടുചെടികൾ ഉൾപ്പെടുത്തി, അതോടൊപ്പം അവയുടെ പേരുകൾ കൂടി എഴുതി വച്ച് ഒരു ഉദ്യാനം എല്ലാ സ്കൂളുകളിലും ഉണ്ടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(33) സംഗീതം ഭാഷയുടെ ആത്മാവാണ്. വിദ്യാലയങ്ങളിൽ നാട്ടുവാദ്യങ്ങൾ, സ്വന്തം സംഗീതം എന്നിവ പ്രോത്സാഹിപ്പിക്കണം. വിദ്യാലയങ്ങളിൽ നാട്ടു സംഗീതം, പാരമ്പര്യ സംഗീതം, മഹാകവികളുടെ കാവ്യങ്ങൾ, സംസ്കാരം എന്നിവ ഉൾക്കൊള്ളുന്ന ഗാനങ്ങൾ കേൾപ്പിക്കുവാൻ സംവിധാനങ്ങളുണ്ടാവണം. നിലവിൽ ഇതിന് മാർഗ്ഗ നിർദ്ദേശങ്ങളില്ല.

(34) ഈ ഒരു തലത്തിൽ ഒരു പ്രധാനകാര്യം ഓർക്കേണ്ടതുണ്ടെന്ന് സമിതി വിശ്വസിക്കുന്നു. കുട്ടികൾ പൊതുവേ ഒരു ഗാനത്തിന്റെ രചനാപാടവത്തേയും സംഗീത ഗുണത്തേക്കാളുമുപരിയായി അതിലെ താളത്തിൽ ആകൃഷ്ടരാകുന്നുവെന്നത് അംഗീകരിക്കപ്പെട്ട ഒരു പരമാർത്ഥമാണ്. അതിനാൽതന്നെ പുതിയകാലത്തെ കംപ്യൂട്ടർ നിർമ്മിത സംഗീതവും അവയിലെ ചടുലതാളവും അവരുടെ സംഗീതാഭിരുചിയെ വളരെ എളുപ്പത്തിൽ സ്വാധീനിക്കുന്നു. എന്നാൽ രാജ്യ-ദേശ-ഭാഷാ ഭേദമന്യേ എല്ലാ നാട്ടിലെ സംഗീതശാഖയിലും എല്ലാകാലത്തും താളമയമായ ഗാനങ്ങൾ ഉൽഭവിച്ചിരുന്നു എന്നത് ആർക്കും നിഷേധിക്കാനാവില്ല. പുരാതന കലാരൂപങ്ങളിലും അനുഷ്ഠാനകലകളിലും പോലും ശ്രുതി, ലയം, രാഗം ഇവയ്ക്കൊപ്പം തനതായ താളവും നിഷ്കർഷിച്ചിരുന്നു. ഈ ഗണത്തിൽ വരുന്ന ഗാനങ്ങളും അതിനാൽ തന്നെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ബോധപൂർവ്വമായ ഒരു ശ്രമം അനിവാര്യമായി വരുന്നു. വിദ്യാലയങ്ങളുമായി ബന്ധപ്പെട്ട പൊതുവേദികളിലും, ഒഴിവ് സമയങ്ങളിലും ഇത്തരത്തിൽ മലയാള സംസ്കാരത്തെ കൂടുതൽ പ്രതിഫലിപ്പിക്കുന്ന ഭാവഗീതങ്ങളും അതോടൊപ്പം തന്നെ പാശ്ചാത്യഗാനങ്ങൾ ഉൾപ്പെടെയുള്ള ആധുനിക ഗാനങ്ങളും കേൾപ്പിക്കണം. ഇത്തരം ഗാനങ്ങൾ അടങ്ങുന്ന ഒരു സി.ഡി. തയ്യാറാക്കേണ്ടതാണ്. വിദ്യാലയങ്ങളിൽ ഉച്ചഭാഷിണിവഴി കേൾപ്പിക്കുന്ന ഗാനങ്ങൾ എങ്ങനെയുള്ളതാവണമെന്നതിന് ഏകീകൃതമായ മാർഗ്ഗനിർദ്ദേശമുണ്ടാകണം. 'വിദ്യാലയഗാനങ്ങൾ' എന്ന പേരിൽ റെക്കോർഡുകൾ തയ്യാറാക്കണമെന്നും നമ്മുടെ വിദ്യാലയങ്ങളിൽ ഗാനങ്ങൾ/ കവിതകൾ പതിവായി കേൾപ്പിക്കേണ്ടതാണെന്നും നമ്മുടെ നാട്ടിലെ വളരെ പ്രസിദ്ധരായ

കവികളുൾപ്പെടെയുള്ളവരുടെ തെരഞ്ഞെടുക്കപ്പെട്ട കവിതകളോ ചൊല്ലുകളോ റെക്കോർഡ് ചെയ്ത് വിദ്യാലയ ഗാനങ്ങൾ എന്ന പേരിൽ സജ്ജീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(35) സാങ്കേതികവിദ്യയുടെ വികാസം ലോകമെങ്ങും വ്യാപരിച്ചുകഴിഞ്ഞ ഇക്കാലത്ത് ആധുനിക സാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഭാഷാവികസന പരിപാടികൾക്കാണ് മുൻതൂക്കം കൊടുക്കേണ്ടത്. കംപ്യൂട്ടർ പഠനത്തിനും ശാസ്ത്രപഠനങ്ങൾക്കും ലാബുകളുള്ളതുപോലെ മലയാളത്തിന് ഒരു 'മലയാളത്തട്ടകം' അനിവാര്യമാണ്. നമ്മുടെ കലയും സംസ്കാരവും ചരിത്രവും സാഹിത്യവുമൊക്കെ ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ സജ്ജീകരിക്കുന്നതാവണം ഈ മലയാളത്തട്ടകം. നമ്മുടെ തനത് സർഗ്ഗ സമ്പത്തും ഐതീഹ്യങ്ങളും നാടോടികഥകളും പുരാണങ്ങളും ഇതിഹാസങ്ങളും വലിയ സാധ്യതകൾ തുറന്നുവയ്ക്കുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് "അനിമേഷൻ ഗ്രാഫിക്സി "ലൂടെ ഇവയെല്ലാം കുട്ടികൾക്ക് പരിചയപ്പെടുത്താവുന്നതാണ്. പ്രൊജക്ടർ ഉപയോഗിച്ച് കേരളത്തിന്റെ സമ്പന്നമായ സാഹിത്യ-സാംസ്കാരിക മേഖലയെ പരിചയപ്പെടുത്തുന്ന വീഡിയോ പ്രദർശനങ്ങൾ, മലയാളസാഹിത്യ ചരിത്രം ഒറ്റനോട്ടത്തിൽ വ്യക്തമാകുന്ന രീതിയിൽ ശബ്ദലേഖനത്തോടു കൂടിയ ഫോട്ടോ പ്രദർശനം എന്നിവ ഈ തട്ടകത്തിൽ സജ്ജീകരിക്കാം. മറ്റു വിദ്യാലയങ്ങളിലെ കുട്ടികളെ മലയാളത്തട്ടകം കാണിക്കുവാനും അവർക്ക് പഠനാവശ്യങ്ങൾക്കായി ഇത് പ്രയോജനപ്പെടുത്തുവാനും അവസരമൊരുക്കുന്ന രീതിയിൽ ആയത് സജ്ജമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(36) സാംസ്കാരിക വകുപ്പിന്റെ കീഴിൽ 'നാട്ടരങ്ങ് 'എന്ന ഒരു പരിപാടി നടത്തുന്നതിനായുള്ള പ്രവർത്തന വേദിയായി പൊതു ഇടങ്ങൾ നിർമ്മിച്ച് കലയേയും സംസ്കാരത്തേയും പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സ്കൂളുകളുമായി ഏകോപിപ്പിച്ച് ചെയ്യാവുന്ന രീതിയിൽ നിലവിൽ പഞ്ചതന്ത്രം കഥകളെയും കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതീഹ്യമാലയെയും ആസ്പദമാക്കി അനിമേഷൻ ഗ്രാഫിക്സ് തയ്യാറാക്കുന്നുണ്ടെന്നും അതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരിക്കുകയാണെന്നും നമ്മുടെ സംസ്കാരത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ ഇത് സഹായകമാകുമെന്നും സാംസ്കാരിക വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

(37) സാങ്കേതിക വിദഗ്ധരുടെ നിസ്വാർത്ഥസേവനം വലിയ സംഭാവനയാണ് ഈ മേഖലയിൽ ഭാഷയ്ക്ക് നൽകിയിട്ടുള്ളതെന്നും, 45000 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കിയിട്ടുണ്ടെന്നും 15 വർഷമായി ഐ.ടി. വിദ്യാഭ്യാസം നടപ്പിലാക്കുന്നതുകൊണ്ട് ഏറ്റവും ഗുണമുണ്ടായിട്ടുള്ളത് മാതൃഭാഷയ്ക്കാണെന്നും പ്രാദേശിക ഭാഷയിലെ ഏറ്റവും വലിയ വിജ്ഞാന ശേഖരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു 'സ്കൂൾ വിക്കി' അധ്യാപകരുടെ സഹായത്തോടെ കുട്ടികൾ

തയ്യാറാക്കിയിട്ടുണ്ടെന്നും കേരളത്തിൽ 45 ലക്ഷത്തോളം കുട്ടികൾ മലയാളം കംപ്യൂട്ടിംഗും ടൈപ്പിംഗും പഠിച്ചുവരുന്നുവെന്നും എന്നാൽ പാഠപുസ്തകങ്ങൾ യൂണികോഡിലേയ്ക്ക് മാറ്റിയാൽ മാത്രമേ ഇന്റർനെറ്റിൽ തെരഞ്ഞ് കണ്ടെത്താനാവുകയുള്ളൂവെന്നും മലയാളം പള്ളിക്കൂടവുമായും ഭാഷയുമായും ബന്ധപ്പെട്ടതെല്ലാം സംപ്രേഷണം ചെയ്യുന്നതിന് വിക്ടേഴ്സ് ചാനലിനെ ഉപയോഗപ്പെടുത്താവുന്നതാണെന്നും 'കൈറ്റ് (ഐ.ടി @സ്കൂൾ)' വൈസ് ചെയർമാൻ സമിതിയെ അറിയിച്ചു. ഇത്തരം പ്രവർത്തനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ നടക്കുന്നുണ്ടെന്ന് അറിയുവാൻ സാധിച്ചതിൽ സമിതി സംതൃപ്തി പ്രകടിപ്പിക്കുകയുണ്ടായി.

(38) ജ്ഞാനപീഠജേതാവായ ശ്രീ. എം. ടി. വാസുദേവൻ നായർ മലയാളം പള്ളിക്കൂടത്തിനുവേണ്ടി എഴുതിയ വരികളാണ്

**" മലയാളമാണ് എന്റെ ഭാഷ**

**എന്റെ ഭാഷ എന്റെ വീടാണ്.**

**എന്റെ ആകാശമാണ്.**

**ഞാൻ കാണുന്ന നക്ഷത്രമാണ്.**

**എന്നെത്തഴുകുന്ന കാറ്റാണ്.**

**എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.**

**എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്.**

**ഏതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നംകാണുന്നത്**

**എന്റെ ഭാഷയിലാണ്.**

**എന്റെ ഭാഷ ഞാൻതന്നെയാണ്."**

ഈ വരികൾ സ്കൂൾ അസംബ്ലികളിൽ കുട്ടികളെക്കൊണ്ട് കൈകൾ " നെഞ്ചോട് ചേർത്ത് ചൊല്ലിക്കുവാനുള്ള നടപടി സർക്കാർ തലത്തിലുണ്ടാവണമെന്ന് സമിതി കരുതുന്നു. സ്കൂൾ അസംബ്ലിയിൽ ഭാഷയെകുറിച്ച് പ്രതിജ്ഞയെടുക്കുന്ന കുട്ടികൾക്ക് ഭാഷാബോധം ഒരു പരിധിവരെ നിലനിർത്തുവാൻ കഴിയുമെന്നും ഈ ഭാഷാപ്രതിജ്ഞ സർക്കാർ ഔദ്യോഗിക ഭാഷാ പ്രതിജ്ഞയായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഭാഷാപ്രതിജ്ഞ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(39) കുട്ടികൾക്ക് പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയുന്നതും അവർ ആഗ്രഹിക്കുന്നതും മാതൃഭാഷയാണ്. എന്നാൽ പല ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും മലയാളം പറയാൻ പാടില്ലെന്ന് ബോർഡ് വച്ചിരിക്കുന്നതായും മലയാളത്തിൽ സംസാരിക്കുന്ന കുട്ടികൾക്ക് 'എഴുത്തുശിക്ഷ (ഇംപോസിഷൻ)' കൊടുക്കുന്നുണ്ടെന്ന കാര്യവും സമിതിയുടെ ശ്രദ്ധയിൽ പ്പെടുകയുണ്ടായി. ഇത്തരത്തിൽ മലയാളം സംസാരിക്കുവാൻ അനുവദിക്കാത്തതുകൊണ്ട് ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്ന കുട്ടികൾക്ക് മലയാളം മനസ്സിലാക്കാനും ഉൾക്കൊള്ളാനും എഴുതാനും പത്താം ക്ലാസ്സ് കഴിഞ്ഞാലും സാധിക്കാത്ത ഒരു സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. <u>മലയാളം അന്യമാക്കിക്കൊണ്ട് മറ്റ് ഭാഷകൾ പഠിപ്പിക്കുന്ന നമ്മുടെ നാട്ടിലെ പഠനസമ്പ്രദായം മാറ്റുന്നതിനായി സ്വകാര്യ അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പ്രദർശിപ്പിക്കുന്ന 'സ്പീക്ക് ഇൻ ഇംഗ്ലീഷ് ' ബോർഡുകൾ നീക്കം ചെയ്യുവാൻ സത്വര നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.</u>

(40) കുട്ടികളിൽ വായനാശീലം വളർത്തേണ്ടത് അത്യാവശ്യമാണ്. എന്നാൽ ഇന്നത്തെ ചുറ്റുപാടിൽ അവർക്ക് പുസ്തകം വായിക്കാനോ കളിക്കുന്നതിനോപോലും സമയമില്ല. ചെറിയപ്രായത്തിൽ തന്നെ സ്വായത്തമാക്കേണ്ടതാണ് നമ്മുടെ മാതൃഭാഷ. മലയാളം അത്യന്തം മനോഹരമായ ഭാഷയാണെന്ന് നമ്മുടെ കവികൾ എഴുതുന്നത് എന്തുകൊണ്ടാണെന്ന് എല്ലാ കുട്ടികളും അറിഞ്ഞിരിക്കണം. അതിനായി സ്കൂൾ വിദ്യാഭ്യാസ കാലത്തുതന്നെ കുട്ടികൾ ധാരാളം വായിക്കേണ്ടതുണ്ട്. കേരളം പോലെയുള്ള ചെറിയ സംസ്ഥാനത്ത് മൂന്നു കോടിയിലധികം ആളുകൾ സംസാരിക്കുന്ന വലിയ ഭാഷയാണ് മലയാളം. ഒരു കാരണവശാലും ആ ഭാഷ അന്യംനിന്നുപോകാനുള്ള അവസരമുണ്ടാക്കരു തെന്നാണ് സമിതി ആഗ്രഹിക്കുന്നത്. വരും തലമുറകൾക്കുവേണ്ടി കരുതാനുള്ളതാണ് നമ്മുടെ ഭാഷ. കുട്ടികളിലെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ലൈബ്രറി നെറ്റ്‌വർക്ക് ഉണ്ടാക്കുവാൻ മുൻകൈയെടുക്കണം. പഴയ കയ്യെഴുത്തുപ്രതികളും അപൂർവ്വങ്ങളായ പുസ്തകങ്ങളും സംരക്ഷിക്കേണ്ടതുണ്ട്. <u>താളിയോലകളടക്കം അമൂല്യപുസ്തക ങ്ങളുടെ ശേഖരവും ഒരുക്കണം. അതിനാൽ എല്ലാ സ്കൂളുകളിലെയും പുസ്തകങ്ങൾ നെറ്റ്‌വർക്ക് ചെയ്ത് ഒരു ലൈബ്രറി നെറ്റ്‌വർക്ക്/ഡിജിറ്റൽ ലൈബ്രറി സജ്ജീകരിച്ച് കുട്ടികൾക്ക് അവ ഉപയോഗപ്രദമായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരി ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(41) <u>കംപ്യൂട്ടറിലൂടെയുള്ള ഭാഷാ പഠനത്തിന് വളരെയേറെ സാധ്യതകളുള്ള കാലമാണിത്. ഭാഷാപഠനത്തിന്റെ എല്ലാതലങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഭാഷാ പഠന പോർട്ടൽ രൂപപ്പെടുത്തേണ്ടതുണ്ട്. അത് പ്രവാസി മലയാളികളുടെ കുട്ടികൾക്ക് പ്രയോജനപ്പെടുത്താവുന്ന രീതിയിൽ കൊണ്ടുവരണം. ഭാഷ പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്ക്</u>

എവിടെനിന്നും എപ്പോൾ വേണമെങ്കിലും പഠിക്കുവാനുള്ള അവസരം അതിലൂടെ ലഭ്യമാകും. അത്തരത്തിലുള്ള നൂതന ആശയങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(42) സർക്കാർ മേഖലയിലെ ഫയൽ സംവിധാനം കംപ്യൂട്ടർ വൽക്കരിക്കപ്പെട്ടു കൊണ്ടിരിക്കേ, മലയാള ഭാഷ ഈ സംവിധാനത്തിൽ ഉപയോഗപ്പെടുത്തുന്നതിന് ലളിതവും വേഗതയുള്ളതുമായ സോഫ്റ്റ് വെയർ രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇംഗ്ലീഷിലുള്ള കുറിപ്പുകളുടെ മലയാളം പരിഭാഷ കംപ്യൂട്ടറിൽ തന്നെ കിട്ടുകയാണെങ്കിൽ, അത് നിലവിലുള്ള ഫയൽ ജോലികൾ ലഘൂകരിക്കുവാൻ തികച്ചും സഹായകരമായിരിക്കും. അത്തരത്തിലുള്ള ഒരു വിവർത്തന സോഫ്റ്റ് വെയർ സർക്കാരിന്റെ അംഗീകാരത്തോടുകൂടി രൂപപ്പെടുത്തി യെടുക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(43) പല വിഷയങ്ങളിലും അപക്വമായ/തെറ്റായ നിലപാടുകൾ ധ്വനിപ്പിക്കുന്ന സന്ദേശങ്ങൾ നവമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതും ഷെയർ ചെയ്യപ്പെടുന്നതും സമൂഹത്തിൽ പലപ്രശ്നങ്ങൾക്കും കാരണമാകുന്നു. ഇത് തടയുന്നതിനും ശരിയായ വസ്തുതകൾ മനസ്സിലാക്കുന്നതിനും നവമാധ്യമങ്ങളെ ഉപയോഗപ്പെടുത്തി ഭാഷാ പ്രചാരണം വ്യാപിപ്പിക്കേണ്ടതാണ്. ഭാഷ, സംസ്കാരം സാഹിത്യം എന്നീ മേഖലകളിലെ ചരിത്ര-പാരമ്പര്യ മൂല്യങ്ങൾ സംബന്ധിച്ചുള്ള വിവിധ തരത്തിലുള്ള നിരീക്ഷണങ്ങളും അവയിൽ പുരോഗമനാത്മകമായവ ഏതെന്നും വ്യക്തമാക്കി നവമാധ്യമങ്ങളിലൂടെ പ്രചാരണം നടത്തുന്നതിന് ഭാഷാ ഗവേഷണ സ്ഥാപനങ്ങളും സാംസ്കാരിക സ്ഥാപനങ്ങളും മുൻകൈയെടുക്കണമെന്നും അതിനായി നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(44) സർക്കാരിന്റെ ഉടമസ്ഥതയിൽ ഉള്ളതും വിനോദത്തോടൊപ്പം വിജ്ഞാനം പ്രദാനം ചെയ്യുന്നതും ലക്ഷ്യമാക്കുന്ന വിദ്യാഭ്യാസ ചാനലായ 'വിക്ടേഴ്സിൽ' മാതൃഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ശാസ്ത്ര വിജ്ഞാനത്തിനും സാമൂഹ്യജ്ഞാനത്തിനും ഉതകുന്ന പരിപാടികൾ ഉൾപ്പെടുത്തണം. ഭാഷയെ അറിയുന്നതിനും സംസ്കാരത്തെ അറിയുന്നതിനും സഹായകരമായ പരിപാടികൾ ആകർഷകമായി ചാനലിലൂടെ അവതരിപ്പിക്കണം. ഉച്ചാരണം, എഴുത്ത്, ഭാഷ, വ്യാകരണം, നല്ല മലയാളം എന്നിവ സംബന്ധിച്ച ശാസ്ത്രീയമായ ക്ലാസ്സുകൾ സംപ്രേഷണം ചെയ്യണം. വിക്ടേഴ്സ് ചാനലിലൂടെയും അതുപോലെ വിവര-പൊതുജനസമ്പർക്ക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടിയും കവിതാധിഷ്ഠിത പരിപാടികൾ, മലയാള പ്രസംഗ പരിപാടികൾ, അക്ഷരശ്ലോകം, നാടൻ കലാ പ്രകടനങ്ങൾ, പാരമ്പര്യകലകളുടെ അവതരണം എന്നിവ സംപ്രേഷണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(45) വർത്തമാനകാലത്ത് എല്ലാ മേഖലകളിലും ഇതരസംസ്ഥാന തൊഴിലാളികളെ ആശ്രയിക്കേണ്ടിവരുന്നു. ഇവരിൽ നല്ലൊരു ഭാഗവും കുടുംബത്തോടൊപ്പമാണ് കേരളത്തിൽ തൊഴിൽ ചെയ്യുവാനെത്തുന്നത്. ഈ പശ്ചാത്തലത്തിൽ തൊഴിലിടങ്ങളിൽ കാര്യങ്ങൾ ഗ്രഹിക്കുവാൻ അവർക്ക് മലയാളഭാഷ പരിചയിക്കേണ്ടത് അനിവാര്യമായി വരുന്നു. അതോടൊപ്പം അവരുടെ കുട്ടികളുടെ പഠനം പ്രതിസന്ധിയിലാവാതിരിക്കാൻ സ്കൂളുകളിൽ പഠിക്കാൻ അവസരമൊരുക്കേണ്ടതും ഒരു പ്രധാന ഉത്തരവാദിത്വമാണെന്ന് കാണാവുന്നതാണ്. അവരെ മലയാളഭാഷ അഭ്യസിപ്പിക്കുന്നതുവഴി നമ്മുടെ ഭാഷയെ അന്യസംസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിക്കുക എന്ന കർത്തവ്യം കൂടി നിർവഹിക്കപ്പെടുന്നു. ആയതിനാൽ ഇതരസംസ്ഥാന തൊഴിലാളികൾക്കായി സാക്ഷരതാമിഷൻ നടപ്പിലാക്കി വരുന്ന പദ്ധതിയായ 'ചങ്ങാതി' കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(46) മലയാണ്മയുടെ ഉൺമയായ മലയാളഭാഷയെ ഋഷിതുല്യരായ അധ്യാപകരുടെ സൂര്യതേജസ്സിനാൽ സ്ഫുടം ചെയ്തെടുത്ത് പുതുതലമുറയ്ക്ക് കൈമാറുന്നതിൽ മലയാളം പള്ളിക്കൂടം സംഘാടകർ നടത്തുന്ന അവിരാമവും നിസ്വാർത്ഥവുമായ ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. സാഹിത്യ-സാംസ്കാരിക മേഖലകളിലെയും കലാ-മാധ്യമ മേഖലകളിലെയും സുമനസ്സുകളുടെ കൂട്ടായ്മയിൽനിന്നും ഉയിർക്കൊണ്ട മലയാളം പള്ളിക്കൂടം നടത്തുന്ന അനൗപചാരിക മാതൃഭാഷാ ബോധനം സമിതി നേരിൽ കണ്ട് മനസ്സിലാക്കുകയും മാതൃഭാഷാ പുരോഗതിയ്ക്കായി നടത്തിവരുന്ന ഇത്തരം സമാന്തര പ്രവർത്തനങ്ങൾ എത്രത്തോളം പ്രാധാന്യമർഹിക്കുന്നതാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. അപ്രകാരം സമിതിക്ക് ഒരു പുതിയ ഉൾക്കാഴ്ച പ്രദാനം ചെയ്യുന്നതിൽ മലയാളം പള്ളിക്കൂടത്തിന് കഴിഞ്ഞിട്ടുണ്ട്. മലയാളം പള്ളിക്കൂടം മാതൃഭാഷാ പുരോഗതിക്കായി നടത്തിവരുന്ന ഇടപെടലുകൾ ശ്ലാഘനീയമെന്ന് സമിതി വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും അറിയിക്കുകയും ചെയ്യുന്നു.

(47) മാതൃഭാഷയുടെ പ്രചാരത്തിനും കുട്ടികളിൽ മലയാളത്തോട് ആഭിമുഖ്യമുണ്ടാക്കാനും സഹായിക്കുന്ന സവിശേഷ പാഠ്യപദ്ധതിയുമായി തലസ്ഥാനത്ത് 2014-ൽ രൂപംകൊണ്ട മലയാളം പള്ളിക്കൂടത്തിന് കേരള സർക്കാർ തുടക്കം മുതൽതന്നെ തികച്ചും ക്രിയാത്മകവും ആശാവഹവുമായ പിന്തുണ തന്നെയാണ് നൽകിവരുന്നത്. മലയാളം പള്ളിക്കൂടം മറ്റ് ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കണമെന്ന ആവശ്യം വിവിധ സാംസ്കാരിക കേന്ദ്രങ്ങളിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. പ്രത്യേകിച്ചും കൊച്ചി നഗരത്തിൽ വലിയ തോതിലുള്ള ആവശ്യം നിലനിൽക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ നിലവിലെ

ചുറ്റുപാടിൽ മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള വിഭവശേഷി പള്ളിക്കൂടത്തിനില്ല. അടിസ്ഥാനസൗകര്യങ്ങൾ പോലും തികച്ചും പരിമിതമായ മലയാളം പള്ളിക്കൂടം ഒരു മാതൃകാവിദ്യാലയമായി നിലനിർത്തുന്നതിനും ഇപ്പോഴുള്ള രീതിയിൽ മുന്നോട്ട് പോകുന്നതിനും സാധിക്കുന്നത് ഒരു കൂട്ടം സന്നദ്ധപ്രവർത്തകരുടെ കൂട്ടായ്മകൊണ്ടു മാത്രമാണ് എന്ന് സമിതിയ്ക്ക് ബോധ്യമാകുന്നു. തിരുവനന്തപുരത്തു മാത്രം പ്രവർത്തിക്കുന്ന മലയാളം പള്ളിക്കൂടം മറ്റ് പ്രധാനപ്പെട്ട നഗരങ്ങളിലും ഉണ്ടാകണമെന്ന് സമിതി ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. അതിനായി മലയാളം പള്ളിക്കൂടത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. ആയതിലേയ്ക്കായി രാജ്യത്ത് പ്രവർത്തിക്കുന്ന കമ്പനികൾ അവരുടെ ലാഭത്തിന്റെ ഒരു വിഹിതം അതായത് സി.എസ്.ആർ. (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമായി സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയായ മലയാളം പള്ളിക്കൂടത്തിന് ലഭ്യമാക്കുകയോ സാംസ്കാരിക വകുപ്പ് ഇതുപോലുള്ള സ്ഥാപനങ്ങൾക്ക് ഗ്രാന്റ് കൊടുക്കുന്ന പരിപാടിയിലുൾപ്പെടുത്തി പ്രതിവർഷ ഗ്രാന്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്താൽ മലയാളം പള്ളിക്കൂടത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ സാധിക്കുന്നതാണ്. അല്ലാത്തപക്ഷം സർക്കാരിന്റെ പ്ലാൻഫണ്ടിൽ നിന്നും ഗ്രാന്റിനുവേണ്ടി മലയാളം പള്ളിക്കൂടം ഭാരവാഹികൾ നൽകിയ വിശദമായ പ്രോജക്ട് ഉൾപ്പെടെയുള്ള അപേക്ഷയിന്മേൽ അനുകൂലനടപടിയുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(48) മലയാളം പള്ളിക്കൂടത്തിന്റെ ആശയത്തിൽ നിന്നും പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് സ്വാംശീകരിക്കുവാൻ കഴിയുന്ന കാര്യങ്ങൾ പരിശോധിച്ച് നടപ്പാക്കുന്നതിന് അടിയന്തര നടപടികൾ ഉണ്ടാകണമെന്നും മലയാളം പള്ളിക്കൂടം മാതൃകയിലുള്ള പഠനരീതികൾ അനൗപചാരിക വിദ്യാഭ്യാസ മേഖലയിലൂടെ മറ്റു ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ക്രിയാത്മക നടപടികൾ ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(49) നാടിന്റെ വളർച്ചയുടെ ഒരു ഘടകമായി ഭവിച്ചിട്ടുള്ള മാതൃഭാഷയുടെ പ്രാധാന്യം ബോധ്യപ്പെട്ടാണ് 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ നിയമസഭ പാസ്സാക്കിയത്. ബഹു. രാഷ്ട്രപതിയുടെ അംഗീകാരം നേടിയെടുക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന പ്രസ്തുത 'മലയാള ഭാഷാ ബില്ലിന് ' എത്രയും വേഗം അംഗീകാരം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ നിയമവകുപ്പ് മുൻകൈയെടുത്ത് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(50) ഭാഷാസ്നേഹികളായ നവോത്ഥാന നായകന്മാർ ദീർഘനാളായി കൊണ്ടുനടന്ന ഒരു സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് സമിതി

നടത്തിക്കൊണ്ടിരിക്കുന്നത്. പല കാരണങ്ങളാലും നഷ്ടപ്പെട്ടുപോയ മലയാള നാടിന്റെ ഭാഷാസംസ്കാരം വീണ്ടെടുക്കുന്നതിനുള്ള കൂട്ടായ പരിശ്രമമാണ് സമിതി നടത്തുന്നത്. മലയാളം പള്ളിക്കൂടം മാതൃകയിൽ മാതൃഭാഷാപരിശീലനത്തിലൂടെ ഭാഷാവ്യാപനം നടപ്പിലാക്കുവാൻ കഴിയുമെന്ന് സമിതി പ്രത്യാശിക്കുന്നു.

ഇ. എസ്. ബിജിമോൾ,
*അദ്ധ്യക്ഷ,*
*ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 12.

<u>അനുബന്ധം</u>

**കേരള സർക്കാർ**

**സംഗ്രഹം**

പൊ.വി.വ-എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി നിയമനത്തിനുള്ള യോഗ്യത (മലയാളം മീഡിയം) ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം.67/2018/പൊ.വി.വ    തിരുവനന്തപുരം, തീയതി 22/05/2018.**

---

പരാമർശം:- 1. ജി.ഒ (പി) നം. 76/80/പൊവിവ തീയതി 6-6-1980.
2. ജി.ഒ (ആർ.റ്റി) നം. 534/02/പൊവിവ തീയതി 19-3-02.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20-3-2018 ലെ കത്ത് നം. എച്ച്3/115658/18/ ഡിപിഐ

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ എയ്ഡഡ്, സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകയോഗ്യതകൾ ഏകീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം പുറത്തിറക്കിയ ഉത്തരവിൽ വ്യക്തത വരുത്തുന്നതിനായി പരാമർശം (2) ഉത്തരവ് പ്രകാരം എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി (മലയാളം മീഡിയം) നിയമനത്തിനുള്ള യോഗ്യത താഴെ കാണും പ്രകാരം ഭേദഗതി ചെയ്തിരുന്നു.

"Candidates who have not studied the Regional Language malayalam either under part I or Part II or as medium of instruction of SSLC will not be eligible for appointment to the post".

കേന്ദ്ര ബോർഡുകളുടെ പാഠ്യപദ്ധതി പിന്തുടരുന്ന നിരവധി വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ ഇപ്രകാരമുള്ള സ്കൂളുകളിൽ സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും പിന്നീട് ബിരുദ/ബിരുദാനന്തര/ട്രെയിനിംഗ്. തലങ്ങളിൽ മലയാളം പഠിച്ചവരെ ഈ നിബന്ധന ദോഷകരമായി ബാധിക്കുന്നതായി പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തുടർന്ന് പരാമർശം (2) ലെ ഉത്തരവിന് ഭാഗികമായി ഭേദഗതി വരുത്തി പ്രസ്തുത ഉത്തരവു പ്രകാരം പുതുതായി ചേർത്ത "note" ന ശേഷം താഴെ പറയും പ്രകാരം ചേർത്ത് ഉത്തരവാകുന്നു:-

"സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്".

കെ.ഇ.ആറിലെ ബന്ധപ്പെട്ട റൂളിൽ പിന്നീട് ഭേദഗതി വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എച്ച്. നജീബ്**
**ജോയിന്റ് സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം,
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ)/പ്രസ്സ് റിലീസ്) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:
ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് കത്ത് നമ്പർ.എച്ച്3/15658/2016/ഡി.പി.ഐ തീയതി 24.05.2016

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ് :
1 എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2 എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3 വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.